**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6604** **12.07.12 ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ വാഹനപ്പെരുപ്പത്തിനനുസൃതമായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാത്തതു കാരണം പൊതുജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങൾക്ക് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | റോഡ് അപകടം കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിനും ടി.പി.സെൻകുമാർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) യും (സി) യും | മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന 14 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമെ 12.12.11 ലെ G.O.(Ms)70/11/Trans പ്രകാരം 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി അനുവദിച്ചുകൊണ്ട് ഒരു എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച്, എല്ലാ സർവ്വീസും എല്ലാ കൗണ്ടറുകളിലും ലഭ്യമാക്കി, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ് പരിപാടി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഫയലിംഗ്, ഇ-പേയ്മെന്റ് സംവിധാനം, റഡാർ സർവൈലൻസ് സംവിധാനം എന്നിവ ഏർപ്പെടുത്തി. കൂടാതെ വാഹന പരിശോധന കേന്ദ്രവും, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചു |
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ